**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1707** **19-01-2021 - ൽ മറുപടിയ്ക്ക്**

**പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി 12.2.2019ൽ മന്ത്രി വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം ആർസി1/23/2019 എന്ന ഫയലിൽ നെൽവയൽ നികത്തിയത് സാധൂകരിക്കുന്ന കാര്യത്തിൽ, ആവശ്യമായ റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട വിശദവിവരങ്ങളും ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പെരുമ്പടപ്പ് ബസ് സ്റ്റാന്റും മിനി സിവിൽ സ്റ്റേഷനും നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതു സംബന്ധിച്ച് ചേർന്ന യോഗത്തിൽ, നെൽവയൽ നികത്തിയത് സാധൂകരിക്കുന്നതിന് വേണ്ട റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട വിശദ വിവരങ്ങളും കൊച്ചി കോർപറേഷനിൽ നിന്നും ലഭ്യമാക്കി പരിശോധിച്ച് റവന്യൂ - നിയമ വകുപ്പുകളുമായി കൂടിയാലോചിച്ച് നിയമസാധുത പരിശോധിച്ച് നടപടി സ്വീകരിക്കുവാനാണ് തീരുമാനമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൊച്ചി കോർപറേഷൻ സെക്രട്ടറി ലഭ്യമാക്കിയ റവന്യൂ റെക്കോർഡുകളും വിജിലൻസ് കേസുമായി ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ - നിയമ വകുപ്പുകളുമായി കൂടി ആലോചിച്ച് നടപടി സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ